**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചങ്ങനാശ്ശേരി നഗരസഭയിൽ എൽ.ഡി.ക്ലാർക്കായിരുന്ന മരണപ്പെട്ട പി.എസ്.സനാതനനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 3241/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 03/11/2015.

---

പരാമർശം :
1. 12/02/2014 ലെ 29908/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.
2. 30/03/2014 ലെ ശ്രീ.പി.എസ്.സനാതനൻ സമർപ്പിച്ച പ്രതിവാദ പത്രിക.
3. നഗരകാര്യ ഡയറക്ടറുടെ 29/11/2014 തീയതിയിലെ വി1/4398/14 നമ്പർ കത്ത്.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ എൽ.ഡി.ക്ലാർക്കായിരുന്ന സന്ദർഭത്തിൽ ടി നഗരസഭയിലെ 1:ാം ഗ്രേഡ് ഓവർസീയർ കൈക്കൂലി ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്തു എന്ന വിജിലൻസ് കേസ് അന്വേഷണത്തിൽ കെട്ടിടാനുമതിക്കുള്ള അപേക്ഷയിന്മേൽ അകാരണമായ കാലതാമസം വരുത്തി എന്ന് കണ്ട് ശ്രീ.പി.എസ്.സനാതനന് കുറ്റാരോപണ മേമ്മോ നൽകിയിരുന്നു.ആയതിന്മേലുള്ള മറുപടിയും നഗരകാര്യ ഡയറക്ടറുടെ അഭിപ്രായവും ലഭ്യമാക്കിയിട്ടുണ്ട്.കൂടാതെ വികലാംഗനും രോഗിയുമായിരുന്ന സനാതനൻ 30/07/2014 ൽ മരണപെട്ടിട്ടുള്ളതാണെന്നും റിപ്പോർട്ടു ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, ശ്രീ. പി.എസ്.സനാതനൻ 30/07/2014 ൽ മരണപെട്ടിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രത്നമ്മ.വി.,
ജോയിന്റ് സെക്രട്ടറി.

നഗർകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പി.എസ് സനാതനന്റെ ആശ്രിതർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.